# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 116 05.03.2012ൽ മറുപടിയ്ക്ക്

<u>ഇ - മെയിൽ, തപാലുകൾ എന്നിവയുടെ പരിശോധന അധികാരം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ പി. റ്റി. എ. റഹീം : | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| എ) വ്യക്തികളുടെ ഇ - മെയിലോ, തപാലുകളോ കേസ് അന്വേഷണത്തിന്റെ ഭാഗമായി തുറന്ന് പരിശോധിക്കുന്നതിന് ഏതെല്ലാം ഉദ്യോഗസ്ഥർക്കാണ് അധികാരമുള്ളത് ; | എ) പൊതുസുരക്ഷയും അടിയന്തിര സ്ഥിതിയും മുൻനിർത്തി രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, ആഭ്യന്തര സുരക്ഷ, കുറ്റകൃത്യങ്ങൾ തടയൽ, പബ്ലിക് ഓർഡർ മുതലായ കാര്യങ്ങൾ പരിഗണിച്ച് ഒരു വ്യക്തിയുടെ ഇ - മെയിലോ, തപാലോ തുറന്ന് പരിശോധിക്കേണ്ടത് ആവശ്യമാണെന്ന് കണ്ടാൽ ഈ ആവശ്യത്തിലേക്കായി ചുമതലപ്പെടുത്തിയിട്ടുള്ള അധികാരിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥന് ആയത് തുറന്ന് പരിശോധിക്കാവുന്നതാണ്. |
| ബി) അന്വേഷണാവശ്യാർത്ഥം ഇക്കാര്യത്തിൽ അനുമതി നൽകേണ്ടത് ആരാണ് ; | ബി) സംസ്ഥാന പോലീസ് മേധാവിയുടെയോ, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥന്റേയോ അപേക്ഷയിന്മേൽ ഇക്കാര്യത്തിൽ അനുമതി നൽകാൻ സംസ്ഥാന ആഭ്യന്തര വകുപ്പ് സെക്രട്ടറിക്ക് അധികാരമുണ്ട്. |
| സി) സിമി ബന്ധം ആരോപിച്ച് അന്വേഷണ വിധേയമാക്കിയ ഇ - മെയിൽ ആരുടെയെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;<br><br>ഡി) ഇത് സംബന്ധിച്ച് പോലീസ് ആസ്ഥാനത്തേക്ക് അയച്ച കത്തിന്റെ കോപ്പി ലഭ്യമാക്കുമോ ? | (സി) & (ഡി) ഏത് പേരിൽ വേണമെങ്കിലും ഇ - മെയിൽ ഐഡികൾ രജിസ്റ്റർ ചെയ്യാം എന്നതുകൊണ്ട് അന്വേഷണ വിധേയമാക്കിയ ഇ - മെയിൽ വിലാസങ്ങൾ ആരുടേതെല്ലാമാണെന്ന് മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. രഹസ്യ സ്വഭാവമുള്ളതിനാലും ആഭ്യന്തര സുരക്ഷയുമായി ബന്ധപ്പെട്ടതായതിനാലും ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താവുന്നതല്ല. |

സെക്ഷൻ ഓഫീസർ